# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2405** **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

ചോദ്യം
**ശ്രീ.മുല്ലക്കര രത്നാകരൻ**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന പഴം-പച്ചക്കറി വ്യാപനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | എ) പഴം പച്ചക്കറി വ്യാപനത്തിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോട് കൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 96000/- രൂപ ധനസഹായം നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 10 ഹെക്ടർ കൃഷി വ്യാപനമാണ് ലക്ഷ്യമിടുന്നത്.<br><br>വാഴ, കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിയ്ക്കായി ഹെക്ടറൊന്നിന് 26250/- രൂപ ധനസഹായം നൽകുന്നു. 1000 ഹെക്ടറിൽ വാഴയുടേയും 1020 ഹെക്ടറിൽ കൈതച്ചക്കയുടേയും വിളവിസ്തൃതി വ്യാപനമാണ് ലക്ഷ്യമിടുന്നത്.<br><br>ടിഷ്യുക്കൾച്ചർ വാഴകൃഷിയ്ക്ക് ഹെക്ടറൊന്നിന് 37500/- രൂപ ധനസഹായം നൽകുന്നു. 700 ഹെക്ടറിൽ ടിഷ്യുക്കൾച്ചർ വാഴകൃഷി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

മാവ്, പേര, മാതളം തുടങ്ങിയ വിളകളുടെ അതിസാന്ദ്രതാ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 24000/- രൂപ ധനസഹായം നൽകുന്നു. 50 ഹെക്ടറിൽ അതിസാന്ദ്രതാകൃഷി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് 18000/- രൂപ ധനസഹായം നൽകുന്നു. 50 ഹെക്ടറിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

മേൽപ്പറഞ്ഞ എല്ലാ വിളകളും കൃഷി ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് സഹായം നൽകുന്നത്.

അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 20000/- രൂപ സഹായം നൽകും. 1000 ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഒരു കർഷകന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടു കൂടി 3000 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറൊന്നിന് 26250/- രൂപ നിരക്കിലും ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ പ്രദേശങ്ങളിൽ 2000 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറൊന്നിന് 15000/- രൂപ നിരക്കിലും ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇതിൻ പ്രകാരം 2016-17 സാമ്പത്തികവർഷത്തിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | ബി) | പാഷൻഫ്രൂട്ട്, കിവി, മുന്തിരി തുടങ്ങിയ മൂല്യം കൂടിയ വിളകളുടെ സൂക്ഷ്മ ജലസേചന സംവിധാനം, ട്രെല്ലികൾ തുടങ്ങിയ സജ്ജീകരണങ്ങളോട് കൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 9.6 ലക്ഷം രൂപയും, വാഴ, |

കൈതച്ചക്ക എന്നിവയുടെ സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്ത കൃഷിയ്ക്കായി 530.25 ലക്ഷം രൂപയും, ടിഷ്യുക്കൾച്ചർ വാഴകൃഷിയ്ക്ക് 262.5 ലക്ഷം രൂപയും, മാവ്, പേര, മാതളം തുടങ്ങിയ വിളകളുടെ അതിസാന്ദ്രതാ കൃഷിയ്ക്ക് 12 ലക്ഷം രൂപയും, മാവിന്റെ വിളവിസ്തൃതി വ്യാപനത്തിനായി 9 ലക്ഷം രൂപയും, അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് 200 ലക്ഷം രൂപയും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട് കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം വാഴകൃഷി നടപ്പിലാക്കുന്നതിനായി 787.5 ലക്ഷം രൂപയും ശീതകാല പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്

S. K.

**സെക്ഷൻ ഓഫീസർ**